ഉത്തരം

(എ) ഉണ്ട്.

(ബി) നെല്ലിന്റെ ലെവിവില നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയും നെല്ലിന്റെ ഉല്പാദനത്തെ സംബന്ധിക്കുന്ന ഘടകങ്ങളെ കണക്കിലെടുത്തുകൊണ്ടാണ് കേന്ദ്രഗവൺമെന്റ് നെല്ലിന്റെ ലെവിവില നിശ്ചയിക്കുന്നത്. അതിനാൽ ഉല്പാദനച്ചെലവുമായി ബന്ധപ്പെടുത്തി നെല്ലിന്റെ തറവില നിശ്ചയിക്കണം എന്ന ആവശ്യം കേരളത്തിൽ മാത്രമായി പ്രാവർത്തികമാക്കുവാൻ പ്രയാസമാണ്. ഉല്പാദനച്ചിലവ് വർദ്ധിച്ചതുമൂലം കർഷകർക്കുണ്ടായിട്ടുള്ള പരാധീനതകൾ ലഘൂകരിക്കുന്നതിന് ചെയ്തുകൊടുക്കാവുന്ന സഹായങ്ങളെപ്പറ്റി കാർഷിക സർവ്വകലാശാല ഒരു പഠനം നടത്തുന്നുണ്ട്.

തൊഴിലാളി പണിമുടക്കുകൾ

193. [188] ശ്രീ. പിണറായി വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ 1976 ജനുവരി മുതൽ നവംബർ വരെ തൊഴിലാളി പണിമുടക്കുകൾ ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആകെ എത്ര തൊഴിലാളികൾ പണിമുടക്കി ;

(സി) നഷ്ടപ്പെട്ട തൊഴിൽദിവസങ്ങൾ എത്ര ;

(ഡി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിൽ 1976 ജനുവരി മുതൽ നവംബർവരെ 43 തൊഴിലാളി പണിമുടക്കങ്ങളുണ്ടായിട്ടുണ്ട്.

(ബി) 8437.

(സി) ഉദ്ദേശം 25,070 തൊഴിൽ ദിവസങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

പേർ രജിസ്റ്റർ ചെയ്ത കർഷകതൊഴിലാളികൾ

194. [191] ശ്രീ. ടി. കെ. ചന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കാർഷിക തൊഴിലാളികളുടെ പേര് രജിസ്റ്റർ ചെയ്യുന്ന നടപടി പൂർത്തിയായോ ;

(ബി) ഓരോ ജില്ലയിലും ഇന്ന് രജിസ്റ്റർ ചെയ്തുകഴിഞ്ഞ കാർഷിക തൊഴിലാളികളുടെ എണ്ണം എത്ര ;

(സി) കാർഷികതൊഴിലാളികളുടെ പേർ രജിസ്റ്റർ ചെയ്തുവെന്നതിന്റെ പേരിൽ വല്ല തൊഴിലാളികളെയും പിരിച്ചുവിട്ട പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ; ഏതെല്ലാം ജില്ലയിൽ ?

ഉത്തരം

(എ) ഇല്ല.

(ബി) ഓരോ ജില്ലയിലും 31-10-1976 വരെ രജിസ്റ്റർ ചെയ്ത കാർഷികതൊഴിലാളികളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം	13,108
കൊല്ലം	27,712
ആലപ്പുഴ	113,450
കോട്ടയം	32,102
ഇടുക്കി	8,155
എറണാകുളം	40,564
തൃശ്ശൂർ	64,835
മലപ്പുറം	20,211
കോഴിക്കോട്	43,157
കണ്ണൂർ	41,927
ആകെ	546,328

(സി) വിവരം ശേഖരിച്ചുവരുന്നു.

തൊഴിൽ തർക്കങ്ങൾ

195. [193] ശ്രീ. ജോൺ മാഞ്ഞൂരാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതിനുശേഷം തൊഴിൽതർക്കങ്ങൾ അഡ്ജുഡിക്കേഷനു വിടുന്നതിൽ മാന്ദ്യം സംഭവിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പിരിച്ചുവിടലിനും ജോലി നിഷേധിക്കലിനും എതിരായി തൊഴിലാളികൾ സമർപ്പിച്ചിട്ടുള്ള അനവധി പെറ്റിഷനുകൾ ലേബർ ഉദ്യോഗസ്ഥൻമാരും ഗവൺമെന്റും പ്രഥമദൃഷ്ട്യാ കേസില്ലെന്നു പറഞ്ഞ് ഫയലുകൾ ക്ലോസ് ചെയ്തതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) പിരിച്ചുവിടലിനെതിരെ തൊഴിലാളികൾക്ക് തിരികെ ജോലി കിട്ടാൻ നിയമപരമായ ഏക മാർഗ്ഗം അഡ്ജുഡിക്കേഷനാണെന്നിരിക്കെ അതുപോലും അന്യായമായി കൈകാര്യം ചെയ്യുന്നതിനെപ്പറ്റി സമഗ്രമായ ഒരന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ & ബി) ഇല്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.

കുരുമുളകുകൃഷിയുടെ അഭിവൃദ്ധിക്ക് സമഗ്രമായ പരിപാടി

196. [197] ശ്രീ. പി. ബി. ആർ. പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുരുമുളകുകൃഷിയുടെ വികസനവും ഉൽപ്പാദനവും കണക്കിലെടുത്തുകൊണ്ട് എന്തെങ്കിലും സമഗ്രമായ പരിപാടി ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ പരിപാടികളുടെ നടത്തിപ്പിലേക്കായി കേന്ദ്ര ഗവൺമെന്റിൽനിന്നും എന്തെങ്കിലും സഹായം ലഭിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly